# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.3/1301/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയതി: 01/10/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.3/1301/2024 തീയ്യതി: 01/10/2024

# തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ്കുമാർ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2024 | 20-07-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2024 | 20-07-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ലീന.പി.ബി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി .വെർജിൻ ഷീജ .റ്റി , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സ്മിത.പി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി .സുനിതബാബു.എസ്, സീനിയർഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷൈലജകുമാരി.ബി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.രമേഷ്.ജി | സെക്രട്ടറി | 01-04-2023 | 26-07-2023 |
| ശ്രീ.അപ്പുരകുമാർ .വി.കെ | സെക്രട്ടറി | 27-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. ജെന്നിഫർ.ജെ.സി.സെയ്ല | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ശ്രീമതി.പ്രീത | കൃഷിഓഫീസർ | 01-04-2023 | 31-03-2024 |
| ഡോക്ടർ. സവിത | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2023 | 31-03-2024 |
| ഡോക്ടർ.ലൈല | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2023 | 31-03-2024 |
| ഡോക്ടർ. രവികുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോക്ടർ. ദിലീപ് ചന്ദ്രൻ | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി.ജിനി ചന്ദ്രൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ശിവാംബിക | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ.സിംഗ് റസ്സൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി. സോണിരാജ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| ശ്രീ.സിജു | വി.ഇ.ഒ.(വെസ്റ്റ് സോൺ ) | 01-04-2023 | 31-03-2024 |
| ശ്രീ.വിജീഷ് കുമാർ | വി.ഇ.ഒ.(ഈസ്റ്റ് സോൺ) | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക - സുലേഖ സ്റ്റേറ്റ്മെന്റും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | KURDFC വായ്പ തിരിച്ചടവ് ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു. | 1-1-6 |
| 8 | പ്രതിമാസ ബാങ്ക് റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-7 |
| 9 | Receivable Of Redemption ഇനത്തിൽ ലഭ്യമാകാനുള്ള തുക ട്രഷറി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | 1-1-9 |
| 11 | ആസ്തി ആർജിച്ചതിന് തുല്യമായ തുക ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല | 1-1-10 |
| 12 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | സി.എഫ്.സി ഗ്രാന്റ് നീക്കിയിരിപ്പ് തുക വരവ് ചെലവുമായി പൊരുത്തപ്പെടുന്നില്ല. - വിശദാംശം ചുവടെ ചേർക്കുന്നു | 1-4-1 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ | 1-6 |
| 19 | ക്യാഷ് പരിശോധന | 1-7 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 21 | എം.ജി.എൻ.ആർ.ജി.എസ് | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | വസ്തുനികുതി പരിഷ്കരണം - നടപടികൾ പൂർത്തിയായിട്ടില്ല | 1-11-1 |
| 24 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് തെറ്റായി നികുതി നിർണ്ണയിച്ചു | 1-11-2 |
| 25 | മൊബൈൽ ടവറുകളുടെ വസ്തുനികുതി അടവാക്കാൻ അവശേഷിക്കുന്നു. | 1-11-3 |
| 26 | സേവന ഉപനികുതി ഈടാക്കാവുന്നതാണ്. | 1-11-4 |
| 27 | അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനായി നടപടി സ്വീകരിക്കുന്നില്ല. | 1-11-5 |
| 28 | വസ്തുനികുതി | 1-11 |
| 29 | തൊഴിൽ നികുതി - സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. | 1-12-1 |
| 30 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12-2 |
| 31 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12-3 |
| 32 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-12-4 |
| 33 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-12-5 |
| 34 | തൊഴിൽ നികുതി - അപാകങ്ങൾ | 1-12 |
| 35 | ലൈസൻസും രജിസ്ട്രേഷനും ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 36 | ലേലമിനത്തിലെ വരവുകൾ കുറഞ്ഞുവരുന്നു. | 1-14 |
| 37 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി - ഊർജ്ജിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-15 |
| 38 | കെട്ടിടനികുതി - പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. | 1-16 |

| | | |
|---|---|---|
| 39 | ദുരന്തനിവാരണ ഫണ്ടുപയോഗിച്ച് വാങ്ങിയ ഫർണ്ണിച്ചറുകൾ നശിച്ചുകൊണ്ടിരിക്കുന്നു. | 1-17 |
| 40 | ലൈബ്രറി സെസ് അടവാക്കിയിട്ടില്ല | 1-18 |
| 41 | ഹരിത കർമസേന & മാലിന്യ സംസ്കരണം - പ്രവർത്തനാവലോകനം | 1-19 |
| 42 | ഹരിതഭവനം പദ്ധതി നിർവഹണം - അപാകങ്ങൾ. | 1-20 |
| 43 | ആശ്വാസ് പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – 2,64,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 44 | ലൈഫ് ഭവനനിർമാണ പദ്ധതികൾ - ഗുണഭോക്താക്കൾ ഭവനനിർമാണം പൂർത്തീകരിച്ചിട്ടില്ല. | 1-22 |
| 45 | പാലിന് സബ്സിഡി-അധികതുക നൽകി. | 1-23 |
| 46 | മലിനംകുളം - പുനരുദ്ധാരണം - | 1-24 |
| 47 | ബഡ്സ് പുനരധിവാസ കേന്ദ്രം സ്റ്റോക്ക് രജിസ്റ്റർ - അപാകത | 1-25 |
| 48 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 24,04,773/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 49 | ഇ-ടെണ്ടർ ഫീ പഞ്ചായത്തിന് ലഭ്യമായിട്ടില്ല | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകളുടെ ചെലവു വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.05.2024 തീയതിയിലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 03/06/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated (10,98,690/-രൂപ) എന്നത് Net Increase/Decrease In Cash And Cash Equivalents (71,90,260/-രൂപ)മായി പൊരുത്തപ്പെടുന്നില്ല.

### 1-1-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക - സുലേഖ സ്റ്റേറ്റ്മെന്റും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല

കേരള വാട്ടർ അതോറിറ്റിക്ക് നിക്ഷേപ പ്രവൃത്തി ഇനത്തിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷനായി സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 9,24,773/- രൂപയാണ് നൽകിയിട്ടുള്ളത്. എന്നാൽ ലെഡ്ജറിൽ (Code 460500201) 14,00,000/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏതൊക്കെ പ്രോജക്ടുകളിലാണ് 14,00,000/- രൂപ നൽകിയിട്ടുള്ളത് എന്നതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/തീ. 17/07/2024) മറുപടി ലഭ്യമാക്കിയില്ല. ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ നൽകിയ തുക വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

### 1-1-4 KURDFC വായ്പ തിരിച്ചടവ് ഉൾപ്പെടുത്തിയിട്ടില്ല

KURDFC വായ്പ തിരിച്ചടവ് ജി.ഒ പ്രോജക്ട് പ്രകാരം 26,97,500/- രൂപയാണ്. എന്നാൽ ലെഡ്ജറിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലും പ്രതിഫലിച്ചിട്ടില്ല.

KURDFC വായ്പ തുക മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ AFS-മായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| 31/03/02023ൽ തിരിച്ചടയ്ക്കാൻ അവശേഷിച്ച തുക B-5 ഷെഡ്യൂൾ 2022-23 പ്രകാരം | തൻ വർഷത്തെ വായ്പ തുക RP-31 | ആകെ തുക | സർക്കാർ ഉത്തവു പ്രകാരം തൻവർഷത്തെ തിരിച്ചടവ് | തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക (മുന്നിരിപ്പ്, വരവു, ചെലവ് പ്രകാരം) | AFS പ്രകാരം (B-5 ഷെഡ്യൂൾ) തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 19541247/- | 14520000 | 34061247/- | 2697500/- | 31363747/- | 33661247/- |

ലോൺ രജിസ്റ്റർ കാലികമാക്കാത്തതിനാൽ മുന്നിരിപ്പിന്റെ കൃത്യമായ വിവരം ലഭ്യമല്ല. ലോൺ രജിസ്റ്റർ കാലികമാക്കി 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ തുക ക്രമീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ് (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/തീ. 15/07/2024) വാർഷിക ധനകാര്യ പത്രികയിൽ തുക ക്രമീകരിച്ച് ലോൺ രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി).

## 1-1-5 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല. അഡ്വാൻസ് ഇനത്തിൽ 66,607/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. ആയത് ഏതിനത്തിലെ അഡ്വാൻസാണ് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയില്ല. അഡ്വാൻസ് തുക ക്രമീകരിക്കേണ്ടതും രജിസ്റ്ററുകൾ പരിപാലിക്കേണ്ടതുമാണ്.

## 1-1-6 അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു.

ആസ്തി മൂല്യത്തേക്കാൾ ഉയർന്ന തുക ചില ഇനത്തിന് ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു . ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഇനം | ആസ്തി മൂല്യം (B-11(E) ഷെഡ്യൂൾ പ്രകാരം | ഡിപ്രീസിയേഷൻ B-11(A) |
|---|---|---|
| Vehicle For Office Use | 1809110 | 6229647 |

## 1-1-7 പ്രതിമാസ ബാങ്ക് റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 57 പ്രകാരം ഓരോ മാസത്തെയും ബാങ്ക് ബുക്കിലെ നീക്കിയിരിപ്പുകൾ ബാങ്ക്/ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ പത്രിക അടുത്തമാസം 5-ാം തീയതിക്കകം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാങ്ക് അക്കൗണ്ടുകളുടെ മാസാന്ത്യ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/തീ. 20/07/24) മറുപടി ലഭ്യമാക്കിയില്ല.

## 1-1-8 Receivable Of Redemption ഇനത്തിൽ ലഭ്യമാകാനുളള തുക ട്രഷറി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം Receivable Of Redemption ഇനത്തിൽ 16,40,773/- രൂപ ലഭ്യമാകാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 4,74,342/- രൂപയാണ് തൻവർഷം ലഭ്യമാകാനുള്ളത്. ലെഡ്ജർ പ്രകാരം 11,67,431/- രൂപ മുൻ വർഷങ്ങളിലെ തുക ലഭ്യമാകാനുള്ളതായി ഓപ്പണിംഗ് ബാലൻസായി ഉൾപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിൽ തുക ലഭ്യമാകാനുണ്ടോയെന്നും ഏത് സാമ്പത്തിക വർഷത്തെ തുകയാണ് ലഭ്യമാകാനുള്ളതെന്ന വിവരം മുൻ വർഷത്തെ ട്രഷറി സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച് ലഭ്യമാക്കേണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം: 38/തീയതി: 20/07/24). സർക്കാരിൽ നിന്നും ലഭ്യമാകാനുള്ള Redemption തുകയുടെ വിവരം ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഉറപ്പ് വരുത്തി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-1-9 ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

ചുവടെ സൂചിപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ തൻ വർഷത്തെ സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | RP-40(B)പ്രകാരം നീക്കിയിരിപ്പ് (രൂ.) |
|---|---|---|
| 1 | 12140100247923 Federal Bank Disterss Relief | 1821 |
| 2 | 12140200003218 MGNREGS Katta Unit | 1400000 |
| 3 | Post Office Account -(123) | 110 |
| 4 | DCB Litteracy (020161201200007) | 26973 |
| 5 | DCB Own Fund (20161201200001) | 23402 |
| 6 | Nationalised Bank Account Of Own Revenue Fund | 0 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 44/തീ. 20/07/2024) പ്രസ്തുത അക്കൗണ്ടുകളിൽ പണമിടപാടുകൾ നടത്തിയിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയത്. മേൽ സൂചിപ്പിച്ചിട്ടുള്ള അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കേണ്ടതാണ്.

## 1-1-10 ആസ്തി ആർജിച്ചതിന് തുല്യമായ തുക ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല

പഞ്ചായത്ത് വിവിധ ഗ്രാന്റുകൾ ഉപയോഗിച്ച് പഞ്ചായത്തിനും ഘടക സ്ഥാപനങ്ങൾക്കും ആർജിക്കുന്ന ആസ്തികൾക്ക് തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിലെ 11(D), 11(E) എന്നീ ഷെഡ്യൂളിലെ നിശ്ചിത ഹെഡിൽ പ്രതിഫലിച്ചിട്ടില്ല. ഇപ്രകാരം ഉൾപ്പെടുത്താത്ത ആസ്തിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | തുക/ഫണ്ടിനം (രൂ.) | ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കേണ്ടിയിരുന്ന ഷെഡ്യൂൾ |
|---|---|---|---|
| 1 | 204/ കാഞ്ഞിരംകുളം ഗവ. എൽ.പി. എസ്.-ന് കമ്പ്യൂട്ടർ വാങ്ങൽ | 99992/- (നോൺറോഡ്) | B-11(D) (645991/-രൂപ) |
| 2 | 137/ ആയുർവേദ ഡിസ്പെൻസറിക്ക് പ്രിന്റർ | 17999/- (നോൺറോഡ്) | |
| 3 | 171/ലിറ്റർബിൻസ് അറ്റ് കൊമേഴ്സ്യൽ ഏരിയാസ് | 495000/- (മറ്റുള്ളവ) | |
| 4 | 197/മൊസ്കിറ്റോഫ്രീ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ | 33000/- (വികസനഫണ്ട് ജനറൽ) | |
| 5 | 192/കഴിവൂർ ഗവൺമെന്റ് ഹൈസ്കൂൾ ടോയ് ലറ്റ് നിർമാണം | 631426/- (മറ്റുള്ളവ) | B-11(E) (824918/-രൂപ) |
| 6 | 110/ അങ്കണവാടികൾക്ക് കസേര വാങ്ങൽ | 96000/- (നോൺറോഡ്) | |
| 7 | 112/ അങ്കണവാടികൾക്ക് ചാരുബെഞ്ച് വാങ്ങൽ | 97492 (നോൺറോഡ്) | |
| ആകെ തുക | | രൂ.1470909/- | രൂ.1470909/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 17/തീ. 17/07/2024) അസറ്റിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണെന്നും ആയത് ക്രമീകരിക്കുന്നതാണെന്നും മറുപടി നൽകി. ആസ്തികളുടെ തുക ക്രമീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-11 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല

ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം:12/ തീ:17/07/2024) നൽകിയെങ്കിലും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ജേണൽ വൗച്ചറുകളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ജേണൽ നമ്പർ | തുക |
|---|---|
| A) 42301101 | രൂ. 8,004,426.00 |
| B) 42301102 | രൂ. 2,302,000.00 |
| C) 42301109 | രൂ. 5,268,518.00<br>(Advance Adjusted As On 31/03/2024) |
| D) 42301111 | രൂ. 8,97,893.00<br>Advance To Implimenting Officers എന്ന് രേഖപ്പെടുത്തി തുക ക്രമീകരിച്ചിരിക്കുന്നു |
| E) 42301112 | രൂ. 3,31,126.00<br>Advanve To Others എന്ന് രേഖപ്പെടുത്തി തുക ക്രമീകരിച്ചിരിക്കുന്നു |

ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഭരണസമിതിയുടെ 25/03/2023-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച, ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | രൂ.11,90,606.00 |
| വരവ് | രൂ.30,54,09,000.00 |

| | |
|---|---|
| ആകെ | രൂ.30,65,99,606.00 |
| ചെലവ് | രൂ.30,09,32,896.00 |
| നീക്കിയിരിപ്പ് | രൂ.56,66,710.00 |

പരിഷ്കരിച്ച ബഡ്ജറ്റ് 08/02/2024ലെ 1-ാം നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബഡ്ജറ്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | രൂ.11,90,606.00 |
| വരവ് | രൂ.27,86,54,400.00 |
| ആകെ | രൂ.27,98,45,006.00 |
| ചെലവ് | രൂ.27,79,30,212.00 |
| നീക്കിയിരിപ്പ് | രൂ.19,14,794.00 |

## 1-3 സാമ്പത്തിക വിശകലനം

റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | രൂ.1,46,33,714.00 |
| ഓഡിറ്റ് വർഷത്തെ വരവ് | രൂ.5,49,88,662.00 |
| ആകെ വരവ് | രൂ.6,96,22,376.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | രൂ.4,77,98,402.00 |
| നീക്കിയിരിപ്പ് | രൂ.2,18,23,974.00 |

റെസീപ്റ്റ് & പേയ്മെന്റിൽ നൽകിയിട്ടുള്ള വരവ് ചെലവിൽ വിവിധ ഗ്രാന്റുകൾ, ക്ഷേമപെൻഷനുകൾ, MGNREGSലെ വരവ് ചെലവുകൾ, സംയുക്ത പ്രോജക്ട് ചെലവുകൾ മുതലായവ ഉൾപ്പെട്ടിട്ടില്ല.

## 1-4-1 സി.എഫ്.സി ഗ്രാന്റ് നീക്കിയിരിപ്പ് തുക വരവ് ചെലവുമായി പൊരുത്തപ്പെടുന്നില്ല. - വിശദാംശം ചുവടെ ചേർക്കുന്നു

| ഗ്രാന്റിനം | മുന്നിരിപ്പ് (രൂ.) (2022-23 B-4 ) | വരവ് (രൂ.) | ആകെ (രൂ.) | ചെലവ് (സുലേഖസ്റ്റേറ്റ്മന്റ് & ഗ്രാന്റ് സ്റ്റേറ്റ്മന്റ് ) (രൂ.) | നീക്കിയിരിപ്പ് (രൂ.) |
|---|---|---|---|---|---|
| സി.എഫ്.സി അൺടൈഡ് | 168284 | 2596000 | 2764284 | 2565200 | 199084 |
| സി.എഫ്.സി ടൈഡ് | 2152416 | 1947500 | 4099916 | 2533366 | 1566550 |
| | 2320700 | 4543500 | 6864200 | 5098566 | 1765634 |

1) പലിശയിനത്തിലെ വരവ് - രൂ.79,840/-

2) ആകെ നീക്കിയിരിപ്പ് - 1765634 + 79840 = രൂ.18,45,474/-

എന്നാൽ ബാങ്ക് സ്റ്റേറ്റ്മന്റ് പ്രകാരം രൂ.17,22,979/-യാണ് അക്കൗണ്ടിൽ അവശേഷിച്ചിട്ടുള്ളത്. അതായത് രൂ.1,22,495/- കുറവ്. ഇത്തരത്തിൽ ബാങ്ക് അക്കൗണ്ടിലെ തുക കുറവായതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 16/തീ. 17/07/2024) മറുപടി ലഭ്യമാക്കിയില്ല. ഗ്രാന്റ് മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് പൊരുത്തപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (രൂ.) | വരവ് (രൂ.) | ആകെ (രൂ.) | ചെലവ് (രൂ.) | നീക്കിയിരിപ്പ് (രൂ.) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 12968505 | 12968505 | 13118145 | (-149640) |
| വികസനഫണ്ട് (എസ്.സി.പി) | 0 | 5474595 | 5474595 | 5323285 | 151310 |
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | 00 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 1947500 | 1947500 | 2533366 | (-585866) |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 2596000 | 2596000 | 2565200 | 30800 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 6444650 | 6444650 | 2717198 | 3727452 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 6743400 | 6743400 | 4910860 | 1832540 |
| CSS | 0 | 0 | 0 | 1540000 | (-1540000) |
| Sss | 0 | 0 | 0 | 6878000 | (-6878000) |

1) വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നിവയുടെ വരവിൽ സോഷ്ഷ് ഡിഡക്ഷൻ ഉൾപ്പെടുത്താതെയും ചെലവിൽ സോഷ്ഷ് ഡിഡക്ഷൻ ഉൾപ്പെടുത്തിയുമാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് ഗ്രാന്റ് വിനിയോഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2) സി.എഫ്.സി ഗ്രാന്റ് 2022-23ലെ നീക്കിയിരിപ്പ് തുക തൻവർഷം ഓപ്പണിംഗ് ബാലൻസായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) സർക്കാർ ഉത്തരവുകളെ ആധാരമാക്കി വികസനഫണ്ട് സോഷ്ഷ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു [വികസനഫണ്ട് (ജനറൽ) സോഷ്ഷ് ഡിഡക്ഷൻ തുക 27,11,495/- രൂപ വികസനഫണ്ട് (എസ്.സി.പി) സോഷ്ഷ് ഡിഡക്ഷൻ തുക 7,74,405/- രൂപ].

| ഗ്രാന്റ് | മുന്നിരിപ്പ് (രൂ.) | വരവ് (രൂ.) | ആകെ (രൂ.) | ചെലവ് (രൂ.) (സോഷ്ഷ് ഡിഡക്ഷൻ ഉൾപ്പെടെ) |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15680000 | 15680000 | 13118145 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6249000 | 6249000 | 5323285 |

## 1-5 പദ്ധതി അവലോകനം

**1) 2023-24 ലെ ഗ്രാന്റ് വിനിയോഗത്തിന്റെ വിവരം** ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | വരവ് (രൂ.) (സോഷ്ഷ് ഡിഡക്ഷൻ ഉൾപ്പെടെ) | ചെലവ് (രൂ.) | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 15680000 | 13118145 | 83% |
| വികസനഫണ്ട് (എസ്.സി.പി) | 6249000 | 5323285 | 85% |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 6444650 | 2717198 | 42% |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 6743400 | 4910860 | 78% |

2023-24 സാമ്പത്തിക വർഷം ഗ്രാന്റ് പൂർണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. മെയിന്റനൻസ് ഗ്രാന്റ് റോഡ് 42% മാത്രമെ ചെലവഴിച്ചിട്ടുള്ളു. രൂ.1,24,66,000/- അടങ്കൽ തുകയായ പ്രോജക്ടുകൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും നടപ്പിലാക്കിയിട്ടില്ല. ഒന്നാം ഗഡുവായി അനുവദിച്ച തുക പോലും പൂർണമായും ചെലവഴിച്ചിട്ടില്ല. പ്രോജക്ടുകൾ നടപ്പിലാക്കാതെ ഫണ്ട് നഷ്ടപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/തീ. 17/07/2024) പ്രോജക്ടുകൾ വ്യാപകമായി റിവൈസ് ചെയ്യേണ്ടി വന്നതിനാൽ സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചില്ലായെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. ലഭ്യമായ ഗ്രാന്റ് തുക ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കാത്തത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഭരണസമിതിയും നിർവഹണോദ്യോഗസ്ഥരും ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

**2) പദ്ധതി ആസൂത്രണം**

(ബി) 2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് (രൂ.) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 0 | 743950 | 423950 | 56% |
| വെറ്ററിനറി സർജൻ | 7 | 7 | 0 | 1643800 | 1588911 | 96% |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 10 | 9 | 1 | 2482246 | 1928301 | 77% |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | 2 | 2 | 0 | 140000 | 140000 | 100% |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 7 | 7 | 0 | 1175000 | 1140107 | 97% |

| | | | | | | |
|---|---|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 0 | 60000 | 60000 | 100% |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 14 | 10 | 4 | 79663150 | 30153166 | 37% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17 | 16 | 1 | 7356750 | 6960550 | 94% |
| സെക്രട്ടറി | 34 | 14 | 20 | 12176252 | 7803433 | 64% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 67 | 24 | 43 | 27183514 | 7969152 | 29% |
| ഹെഡ് മാസ്റ്റർ | 11 | 6 | 5 | 2754090 | 573372 | 20% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 1500000 | 1083434 | 72% |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 18 | 11 | 7 | 6292603 | 1477939 | 23% |
| ആകെ | 194 | 113 | 81 | 143171355 | 61302315 | 42% |

അടങ്കൽ തുകയുടെ 42% മാത്രമെ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ശരിയായ ആസൂത്രണത്തിന്റെ അഭാവം പദ്ധതി നടത്തിപ്പിനെ തടസ്സപ്പെടുത്തും. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹിച്ച പദ്ധതികൾ കൂടുതലും റിവൈസ് ചെയ്യേണ്ടി വന്നതിനാൽ തൻവർഷം മെയിന്റനൻസ് ഗ്രാന്റും ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. കൃത്യമായ ആസൂത്രണത്തിന്റെ അഭാവം ആസൂത്രണസമിതി യോഗ മിനിട്ട്സ് ബുക്കിലെ രേഖപ്പെടുത്തലുകളിൽ നിന്നും വ്യക്തമാണ്.

സ.ഉ.(കൈ)നം 84/2022/ത.സ്വ.ഭ.വ, തീയതി. 19/04/2022 ഉത്തരവ് പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

1) ഖണ്ഡിക 3-1-1(എ)-(7) പ്രകാരം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ ആസൂത്രണസമിതി യോഗം ചേരണം. എന്നാൽ ഒരു യോഗം മാത്രമാണ് തൻവർഷം കൂടിയിട്ടുള്ളത് (1/12/2022ൽ).

2) ഖണ്ഡിക 3-1-1-2(എ)(4) പ്രകാരം ഫിഷറീസ് നിർവഹണോദ്യോഗസ്ഥൻ നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മത്സ്യമേഖല വികസനത്തിന് പ്രത്യേകം വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും രൂപീകരിക്കണം. എന്നാൽ തൻവർഷം മത്സ്യമേഖല വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടില്ല.

3) വർക്കിംഗ് ഗ്രൂപ്പുകൾ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് മൂന്ന് പ്രാവശ്യം മീറ്റിംഗ് കൂടിയിട്ടുണ്ട്. ഓരോ മേഖലയിലും ആവശ്യമായ പദ്ധതികളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി അംഗീകാരം നേടിയ ശേഷം മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന് മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് നിർവഹിച്ചിട്ടില്ല. പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടില്ല

4) മെയിന്റനൻസ് ഗ്രാന്റ് റോഡ് 42% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ അംഗീകാരം വാങ്ങിയിരുന്നെങ്കിലും പ്രസ്തുത ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് പ്രവൃത്തി നടപ്പിലാക്കാതെ 38% ഫണ്ട് നഷ്ടപ്പെടുത്തിയിരിക്കുന്നു.

സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കുന്നതിനും വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതിയുടെ നടത്തിപ്പ്, മോണിറ്ററിംഗ് മുതലായവ ചർച്ച ചെയ്ത് കൂടുതൽ ഫലപ്രദമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

**ഗ്രാമ സഭ**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(3) പ്രകാരം മൂന്നു മാസത്തിലൊരിക്കൽ ഗ്രാമസഭായോഗം കൂടേണ്ടതാണ്. എന്നാൽ 2023-24 ൽ രണ്ടു ഗ്രാമസഭായോഗങ്ങളാണ് എല്ലാ വാർഡിലും കൂടിയിട്ടുള്ളത് (6/2023 ലും 12/2023 Or 01/2024). കൂടാതെ 2024-25 ൽ നാളിതുവരെ (20/07/2024 വരെ) ഗ്രാമസഭയോഗം കൂടിയിട്ടില്ല. പഞ്ചായത്ത് രാജ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 409 | 5186600 |
| വിധവാപെൻഷൻ | 688 | 6669500 |
| വാർദ്ധക്യകാല പെൻഷൻ | 1517 | 13861300 |
| വികലാംഗ പെൻഷൻ | 280 | 3701700 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 29 | 363200 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 4 | 120000 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.07.2024, 03PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32082/- രൂപ (മുപ്പത്തിരണ്ടായിരത്തി എൺപത്തിരണ്ട് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1) ഫ്രണ്ട് ഓഫീസ് ടോക്കൺ സംവിധാനം ഏർപ്പെടുത്തി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പൗരാവകാശ രേഖ 2023ൽ പുർത്തിയായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

2) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ മുതലായവ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

3) ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ നൽകിയ തുക വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

4) ലോൺ രജിസ്റ്ററും, വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

5) ബാങ്ക് അക്കൗണ്ടുകളുടെ മാസാന്ത്യ റിക്കൺസിലിയേഷൻ നടത്തേണ്ടതാണ്. ജേർണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിന് ലഭ്യമാകുന്ന ഗ്രാന്റ് തുകകൾ ഫലപ്രദമായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 എം.ജി.എൻ.ആർ.ജി.എസ്

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 880654 | 975715 | 1856369 | 1850913 | 5456 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 43104133 | 43104133 | 43104133 | 0 |
| ആകെ | 880654 | 44079848 | 44960502 | 44955046 | 5456 |

പ്രവർത്തന അവലോകനം

1) എം.ജി.എൻ.ആർ.ജി.എസ് ൽ ഉൾപ്പെടുത്തി 2023-24 ൽ നിർവഹിച്ചിട്ടുള്ള പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറിനം:26 തിയതി:17/07/24 നു ലഭ്യമാക്കിയ മറുപടി, അനുബന്ധ രേഖകൾ എന്നിവയെ അടിസ്ഥാനമാക്കി തയ്യാറാക്കിയത് )

| ഇനം | നടപ്പിലാക്കിയവയുടെ എണ്ണം |
|---|---|
| കോഴിക്കൂട് നിർമാണം | 16 |
| മിനി എം.സി.എഫ് നിർമാണം | 0 |
| ഫാം പോണ്ട് നിർമാണം | 0 |
| കമ്പോസ്റ്റ് പിറ്റ് നിർമാണം | 2 |
| ആട്ടിൻകൂട് നിർമാണം | 7 |
| സോക്പിറ്റ് നിർമാണം | 48 |
| കക്കൂസ് നിർമാണം | 0 |
| തൊഴുത്ത് നിർമാണം | 3 |
| അസോള ടാങ്ക് നിർമാണം | 1 |
| കിണർ നിർമാണം | 0 |
| കിണർ റീചാർജ് | 0 |
| തോട് പുനരുദ്ധാരണം | 1 |
| റോഡ് കോൺക്രീറ്റ് & തോട് പുനരുദ്ധാരണം (മെറ്റീരിയൽ വർക്ക്) | 3 |
| ഫലവൃക്ഷത്തൈ ഉത്പാദനവും പരിപാലനവും | 22 |
| കല്ല് കയ്യാല , തട്ട് തിരിക്കൽ, മഴക്കുഴി നിർമാണം | 101 (2600 മഴക്കുഴികൾ) |
| നഴ്സറി നിർമാണം | 14 |
| SHG വർക്ക് ഷെഡ് | 2 |
| ലൈഫ് ഹൗസ് | 85 |
| ആകെ | 305 |

3) സ്കിൽഡ് അൺസ്കിൽഡ് മേഖലയിലെ ചെലവു തുകയും മെറ്റീരിയൽ വർക്ക് ചെലവു തുകയും തമ്മിലുള്ള റേഷ്യോ 60:40 വരെ ആകാം എന്നാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്. മെറ്റീരിയൽ വർക്ക് 40% ൽ അധികരിക്കാൻ പാടില്ല. 2023-24 ലെ ലേബർ മെറ്റീരിയൽ റേഷ്യോ അനാലിസിസ് റിപ്പോർട്ട് പ്രകാരം ലേബർ മെറ്റീരിയൽ റേഷ്യോ 84.59 : 15.41 ആണ്. പൊതു ജനങ്ങളുടെ ആവശ്യം പരിഗണിച്ചുകൊണ്ടുള്ള ആസ്തി നിർമാണത്തിന് എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതികളെ ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. മുൻ വർഷങ്ങളിലെ പദ്ധതികളിലുൾപ്പെടുത്തി മലിനം കുളത്തിന്റെ രണ്ടു ഭാഗം സംരക്ഷണഭിത്തി നിർമ്മിച്ചിട്ടുണ്ട്. മറ്റു വശങ്ങളിലും സംരക്ഷണഭിത്തി വളരെ അത്യാവശ്യമായ ഘടകമാണെങ്കിലും ഇത്തരം പദ്ധതികൾക്ക് പ്രാധാന്യം നൽകിയിട്ടില്ല. കൂടാതെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിർമാണ പ്രവർത്തനങ്ങളും എം.ജി.എൻ.ആർ.ഇ.ജി.എസുമായി സംയുക്ത പദ്ധതികളിലുൾപ്പെടുത്തി നിർവഹിക്കാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് കൂടി പ്രാധാന്യം നൽകിക്കൊണ്ട് മെറ്റീരിയൽ ഫണ്ട് വിനിയോഗിക്കുന്നത് കൂടുതൽ പ്രയോജനകരമായിരിക്കും.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 18.06.2022 | 01.04.2022 മുതൽ 31.05.2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2013 | 2008-09 മുതൽ 2012-13 വരെ | ലഭിച്ചിട്ടില്ല |

## 1-11-1 വസ്തുനികുതി പരിഷ്കരണം - നടപടികൾ പൂർത്തിയായിട്ടില്ല

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടുണ്ടോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 09/15.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച് 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തി ഡിമാന്റ് നോട്ടീസ് 9 എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകിയയായി പരിശോധനയിൽ കണ്ടെത്താനായില്ല. കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 -നകം പൂർത്തീകരിക്കേണ്ടതാണെന്നും, വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വിവര ശേഖരണത്തിനും, ഡാറ്റാ എൻട്രിക്കുമായി വാർഡ് ഒന്നിന് 2 ആൾ എന്ന ക്രമത്തിൽ ആളെ നിയോഗിക്കുന്നതിനായി 31.05.23 ലെ 3(1) പ്രകാരം ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ തുടർനടപടികളൊന്നും അറിയിച്ചിട്ടില്ല. പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും വിവര ശേഖരണം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും, ഡിമാന്റ് എൻട്രി വരുത്തുന്നതിനുള്ള സൗകര്യം സഞ്ചയയിൽ ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് പരിഷ്ക്കരിച്ച് നികുതി വർദ്ധനവ് ഉറപ്പാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-11-2 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് തെറ്റായി നികുതി നിർണ്ണയിച്ചു

സഞ്ചയ പോർട്ടൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 100ച.മീറ്ററിൽ കൂടുതലാണെങ്കിലും കെട്ടിടത്തിന്റെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന വിഭാഗത്തിലെ വസ്തു നികുതി നിരക്ക് (50/ച.മീ) ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥൻ | നികുതി നിലവിൽ വന്ന അർദ്ധവർഷം | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച:മീ) | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി നിരക്ക് | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|---|
| 1 | 3/218 / A | ഷാജി സി. ഷെർലി എസ്. വി | 2021 IInd Half | 136.2 | 6810.00 | 65 | 8853 | 2043 |
| 2 | 5/57/B | ഷിബു.എ.എസ് | 2013 Ist Half | 109.89 | 5494.5 | 65 | 7142.85 | 1648.35 |
| 3 | 5/280/A | ജയകുമാർ | 2018 Ist Half | 253.64 | 12682 | 65 | 16486.6 | 3804.6 |
| 4 | 5/359/E | വി ദേവരാജ് നാടാർ | 2014 Ist Half | 149 | 7450 | 65 | 9685 | 2235 |
| 5 | 5/572/A | സാംരാജ്.എം,തൃപ്തി, നാലുകെട്ട്, കാഞ്ഞിരംകുളം | 2016 Ist Half | 102.5 | 5125 | 65 | 6662.5 | 1537.5 |
| 6 | 5/572/B | സാംരാജ്.എം,തൃപ്തി, നാലുകെട്ട്, കാഞ്ഞിരംകുളം | 2016 Ist Half | 116.94 | 5847 | 65 | 7601.1 | 1754.1 |
| 7 | 5/776/A | സരോജിനി | 2016 Ist Half | 165.88 | 8294 | 65 | 10782.2 | 2488.2 |
| 8 | 11/225/A | ഷിബു ആർ,,ജി പി ഭവൻ,പനനിന്ന, വാറുതട്ട്, കാഞ്ഞിരംകുളം | 2021 Ist Half | 135 | 6750 | 65 | 8775 | 2025 |
| 9 | 11/225/B | ഷിബു ആർ,,ജി പി ഭവൻ,പനനിന്ന, വാറുതട്ട്,കാഞ്ഞിരംകുളം | 2021 Ist Half | 135 | 6750 | 65 | 8775 | 2025 |

ഇപ്രകാരം വസ്തുനികുതി കുറവായി നിർണയിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/18.07.2024) മറുപടി ലഭ്യമാക്കിയില്ല. അപാകം പരിഹരിച്ച് നികുതി പുനർനിർണ്ണയിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി അടവാക്കാൻ അവശേഷിക്കുന്നു.

ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി പൂർണ്ണമായും അടവാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | നികുതി കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക (സഞ്ചയ പ്രകാരം) |
|---|---|---|---|---|
| 1 | 5/558 | Reliance Infocom Ltd | 2021-22 മുതൽ 2023-2024 വരെ | 9973 |
| 2 | 7/401 | Sub Division Engineer | 2016-17 മുതൽ 2023-2024വരെ | 79290 |

മേൽ പരാമർശിച്ച മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ഒടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (43/20.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക വസ്തു നികുതി പൂർണ്ണമായും ഈടാക്കി വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11-4 സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം26,27 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സ.ഉ.(കൈ) നം.77/2023/LSGD തീയതി, 22-03-2023 പ്രകാരം നിലവിൽ സേവന ഉപനികുതി ചുമത്തിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് പുതുതായി സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മേൽ ചട്ടങ്ങൾ പ്രകാരമുള്ള സേവന ഉപനികുതി ഡിമാന്റ് ചെയ്തിട്ടില്ല. ചട്ടപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നതിലേക്കായി സ്റ്റാന്റിംഗ് കമ്മിറ്റികളോ, ഭരണസമിതിയോ ചർച്ച ചെയ്തതായോ, തീരുമാനങ്ങൾ സ്വീകരിച്ചതായോ കാണുന്നില്ല. സേവന ഉപനികുതി ഈടാക്കാത്തതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി (നം.9/15.07.24) ക്ക് മറുപടി ലഭ്യമാക്കിയില്ല. സേവന ഉപനികുതി നിർബന്ധമായും ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. തനത് വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്ന സേവനങ്ങൾക്ക് സേവന ഉപനികുതി ഈടാക്കുന്നതിനുള്ള തീരുമാനം കൈകൊള്ളാവുന്നതാണ്. മെച്ചപ്പെട്ട സേവനം ഉറപ്പാക്കുവാനും സാമ്പത്തിക ബാധ്യത കുറയ്ക്കുവാനും ഇതിലൂടെ കഴിയുന്നതാണ്.

## 1-11-5 അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനായി നടപടി സ്വീകരിക്കുന്നില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ചുവടെ ചേർക്കുന്ന അനധികൃത കെട്ടിടങ്ങൾ "വാണിജ്യാവശ്യത്തിനുള്ളവ" എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നു.

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | തറ വിസ്തീർണ്ണം (M2) | ഉപയോഗം തുടങ്ങിയ തീയതി | ഈടാക്കുന്ന വാർഷിക വസ്തുനികുതി (രൂപ) |
|---|---|---|---|---|---|
| 1 | 1/156/UA | ബിജു ആർ (ആതിര ഭവൻ, കഴിവൂർ, കഴിവൂർ പി ഒ, 695526) | 12.19 | 01/04/2023 | 2200/- |
| 2 | 5/1/UA | സി.ദയാനന്ദൻ (സുനീഷ് ഭവൻ, കാഞ്ഞിരംകുളം, കാഞ്ഞിരംകുളം പി ഒ, 695524) | 49.37 | 03/03/2016 | 10292/- |
| 3 | 5/30/UA | സത്യദാസ്.കെ (ചായപ്പാവിള, കാഞ്ഞിരംകുളം, കാഞ്ഞിരംകുളം പി ഒ) | 51.15 | 01.04.22 | 7597/- |
| 4 | 6/140/UA | രാഹുൽ (സ്നേഹതീരം, മേലെ പഞ്ചിക്കാല അരുമാനൂർ, പൂവാർ പി ഒ) | 22 | 01.04.23 | 3639/- |
| 5 | 6/141/UA | രാഹുൽ (സ്നേഹതീരം, മേലെ പഞ്ചിക്കാല അരുമാനൂർ, പൂവാർ പി ഒ) | 10.64 | 01.04.23 | 1760/- |
| 6 | 6/310/UA | രാമദാസ് നാടാർ (അബു നിവാസ്, തടത്തികുളം, കാഞ്ഞിരംകുളം പി ഒ, 695524) | 114.54 | 01.04.23 | 2917/- |
| 7 | 6/421/UA | വിൻസെന്റ് വിമല (സൗമ്യ ഭവൻ, കാഞ്ഞിരംകുളം, | 89.84 | 01.04.23 | 22882/- |

| | | | | | |
|---|---|---|---|---|---|
| | | കാഞ്ഞിരംകുളം പി ഒ, 695524) | | | |
| 8 | 6/424/UA | ശാന്തകുമാരി (വിജയഭവാൻ, കണ്ണറവിള, കാഞ്ഞിരംകുളം .പി.ഒ, 695524) | 13.75 | 01.04.23 | 2505/- |
| 9 | 9/105/UA | രാജേഷ്കുമാർ സിന്ധു (ശിവശങ്കരം, പരണിയം, വഴിമുക്ക്, കാഞ്ഞിരംകുളം പി ഒ, 695524) | 18.9 | 01.04.22 | 921/- |
| 10 | 11/510/UA | പാസ്റ്റർ സി ജയരാജൻ (കാരുണ്യ ട്രസ്റ്റ് ഡയറക്ടർ, ബദസെയ്യാ മിനിസ്ട്രി, കാരുണ്യ കോട്ടേജ് പനനിന്ന, മാവിള, കാഞ്ഞിരംകുളം .പി .ഒ. | 12.18 | 01.04.23 | 1817/- |

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവത്കരണത്തിനുള്ള അപേക്ഷകൾ അപേക്ഷ ലഭിച്ച് നിശ്ചിത ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്ക്കരണം നിരസിക്കുന്ന അപേക്ഷകളിൽ ചട്ടം 96 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്(Demolition Of Buildings Not Regularised).
മേൽ പട്ടികപ്പെടുത്തിയ കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനോ, ചട്ടപ്രകാരമുള്ള തുടർ നടപടികൾ നടപ്പിലാക്കുന്നതിനോ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (34/19.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതും, മേൽ കെട്ടിടങ്ങൾക്ക് കച്ചവടം, വ്യാപാരം, വ്യവസായം ,മറ്റേതെങ്കിലും ആവശ്യങ്ങൾക്കായോ ലൈസൻസ് നൽകുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-11 വസ്തുനികുതി

വസ്തുനികുതിയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

## 1-12-1 തൊഴിൽ നികുതി - സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും, തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-12-2 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്ററും തൊഴിൽ നികുതി പത്രികകളും പരിശോധിച്ചതിൽ ജവഹർ സെൻട്രൽ സ്കൂളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/10.07.24) ജവഹർ സെൻട്രൽ സ്കൂളിന് തൊഴിൽ നികുതി അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തുക ഈടാക്കുന്നതിന് അനന്തരനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപനങ്ങൾ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. എന്നാൽ കേരള സർവ്വീസ് കോ ഓപ്പറേറ്റിവ് ബാങ്ക് 2023-24 വർഷം സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (1/10.07.24) സ്ഥാപനനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-12-4 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിൽ

നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. റേഷൻ വ്യാപാരികളിൽ നിന്നും നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് എൻക്വയറിയ്ക്ക് മറുപടി (1/10.07.24) ലഭ്യമാക്കിയിട്ടുണ്ട്. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-12-5 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204(എ) പ്രകാരം ആകെ അറുപത് ദിവസത്തിൽ കുറയാത്ത പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കരാറുകാർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. സാം സെൽവിൻ എന്ന കരാറുകാരൻ തൊഴിൽ നികുതി അടവാക്കിയതായി മറുപടി (1/10.07.24) ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി - അപാകങ്ങൾ

നിശ്ചിത ഫോർമാറ്റിൽ തൊഴിൽ നികുതി പത്രിക സമർപ്പിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14,16 പ്രകാരം ഫാറം നമ്പർ II മാതൃകയിൽ വേണം സ്ഥാപനങ്ങൾ തൊഴിൽ നികുതി പത്രികകൾ സമർപ്പിക്കേണ്ടത്. എന്നാൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം കൃത്യമായി രേഖപ്പെടുത്താതെ നികുതി ഒടുക്കിയിരിക്കുന്നു

I) യു.ഐ.റ്റി, കാഞ്ഞിരംകുളം

II) LID & Eng.Wing, LSGD Section, Kanjiramkulam

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (1/10.07.24) അർദ്ധ വാർഷിക വരുമാനം കൃത്യമായി രേഖപ്പെടുത്തി നികുതി ഈടാക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിശ്ചിത മാതൃകയിൽ തൊഴിൽ നികുതി പത്രിക സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ലൈസൻസും രജിസ്ട്രേഷനും ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2022-23 വർഷത്തെ IFTE & OS ലൈസൻസ് രജിസ്റ്റർ പ്രകാരം 232 സ്ഥാപനങ്ങളും 2023-24 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 253 സ്ഥാപനങ്ങളുമാണ് രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത്. കൂടാതെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഡോ.സെൽവരാജ് ഹോസ്പിറ്റൽ എന്ന സ്ഥാപനം പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ പരിധിയിലെ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ സ്ഥാപനങ്ങളും രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോയെന്നും കൃത്യമായി പരിശോധിക്കുന്നതിന് വ്യാപാര സ്ഥാപനങ്ങളുടെ 2023-24 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 23/09/2023 (തീരുമാനം നം. II), 04/11/2023 (തീരുമാനം നം. IV) എന്നീ തീയതികളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (10/15.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 ലേലമിനത്തിലെ വരവുകൾ കുറഞ്ഞുവരുന്നു.

ലേലഫയലും രേഖകളും പരിശോധിച്ചതിൽ മുൻവർഷം ലേലമിനത്തിലെ വരവ് 781000/- രൂപയും തൻവർഷം ലേലമിനത്തിലെ വരവ് 747850/-(Including Scrap) രൂപയും ആണ്. കൂടാതെ വാടകരജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ റൂമുകളിൽ റും നം 10,11,14 എന്നിവ ആരും തന്നെ ലേലം കൊണ്ടതായും കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/15.07.24) പബ്ലിക് കംഫർട്ട് സ്റ്റേഷൻ, സൈക്കിൾ സ്റ്റാന്റ് എന്നിവയിൽ നിന്നും ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം നിരവധി തവണ പൊതുലേലം ചെയ്തിട്ടും ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ കമ്മിറ്റി തീരുമാനത്തിന് വിധേയമായി ഇരുപതിനായിരം രൂപയ്ക്ക് ലേലം അംഗീകരിച്ച് നൽകിയതിനാലാണ് പ്രസ്തുത ഇനത്തിൽ മുൻവർഷത്തെക്കാളും കുറവ് സംഭവിച്ചതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പബ്ലിക് കംഫർട്ട് സ്റ്റേഷനുകളും ഷോപ്പിംഗ് കോംപ്ലക്സുകളും കാലാനുസൃതമായ അറ്റകുറ്റപ്പണികളും അടിയന്തര ശുചീകരണവും (ആവശ്യമാണെങ്കിൽ) നടത്തി പരിപാലിക്കാനും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി - ഊർജ്ജിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനുള്ള യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ പുതിയ സേവനനികുതി മാർഗ്ഗങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ വസ്തു നികുതി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട അവലോകനം നടത്തിയിട്ടുണ്ടെങ്കിലും മറ്റ് നികുതി , നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിലുള്ള പുരോഗതി കമ്മിറ്റി 2023-24 വർഷത്തെ യോഗങ്ങളിൽ വിലയിരുത്തിയിട്ടുള്ളതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 07.10.2023 ലെ യോഗത്തിൽ 1-4-2023 മുതൽ പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണം അന്തിമവിജ്ഞാപനം പുറപ്പെടുവിച്ച് സഞ്ചയയിൽ അപ്ഡേഷൻ വരുത്തി നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന്

തീരുമാനിച്ചിട്ടുണ്ട്. ആയതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/15.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഗ്രാമ പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിൽ B-15 Sundry Debtors (Receivables) എന്ന ഹെഡിൽ ഉള്ള തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. നികുതി, നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിക്കേണ്ടതും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മേൽ വിഷയങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 1-16 കെട്ടിടനികുതി - പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല.

പഞ്ചായത്തിലെ 2023-24 വർഷത്തെ കെട്ടിടനികുതിയിനത്തിലെ DCB പത്രിക പ്രകാരമുള്ള ഡിമാന്റും കളക്ഷനും ബാലൻസും ചുവടെ ചേർക്കുന്നു.

| Item | Demand | Collection | Balance |
|---|---|---|---|
| Property Tax | 5635973 | 4453690 | 1230470 |

തൻവർഷത്തെ കെട്ടിടനികുതിയിനത്തിലെ കളക്ഷൻ തുകയിൽ 935490/-രൂപ ഹാജരാക്കിയ രേഖകൾ (List Of Form 24)പ്രകാരം റവന്യൂറിക്കവറി നടപടികൾ മുഖേന ലഭിച്ചതാണ്. വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ച് നികുതി പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതും നികുതികളും, ഫീസുകളും ഓൺലൈനായി അടയ്ക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം കാര്യക്ഷമമാക്കിയും നികുതികുടിശ്ശിക രഹിത ഗ്രാമപഞ്ചായത്താക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ദുരന്തനിവാരണ ഫണ്ടുപയോഗിച്ച് വാങ്ങിയ ഫർണ്ണിച്ചറുകൾ നശിച്ചുകൊണ്ടിരിക്കുന്നു.

2020 കോവിഡ് കാലയളവിൽ വാങ്ങിയ ഇരുമ്പ് കട്ടിലുകൾ അംഗൻവാടികളിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ അംഗൻവാടികളിൽ സ്ഥല പരിമിതി നേരിടുന്നതായും കേടായി തുടങ്ങിയ ടി കട്ടിലുകൾ ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന വാർഡ് മെമ്പർമാരുടെ ആവശ്യ പ്രകാരം ദുരന്തനിവാരണ ഫണ്ടുപയോഗിച്ച് CFLTC യ്ക്ക് വേണ്ടി വാങ്ങിയ ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്ന കട്ടിലുകൾ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് ബഹു.ജില്ലാ കളക്ടറോട് ഗ്രാമപഞ്ചായത്ത് ഭരണസമിതി അഭ്യർത്ഥിക്കുന്നതിന് 14/06/2023 ലെ (6/2) തീരുമാനപ്രകാരം ഭരണസമിതി തീരുമാനിച്ചതായി കാണുന്നു. ആയതിന്റെ തുടർനടപടിവിവരം അറിയിക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (33/19.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭരണസമിതി തീരുമാനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-18 ലൈബ്രറി സെസ് അടവാക്കിയിട്ടില്ല

2023-24 സാമ്പത്തിക വർഷത്തിൽ ലൈബ്രറി സെസ് ഇനത്തിൽ ലഭ്യമായ തുക 222430/- രൂപ നാളിതുവരെ ലൈബ്രറി കൗൺസിൽ അടവാക്കിയിട്ടില്ല. സർക്കുലർ നമ്പർ 10088/എൽ3/05/ത.സ്വ.ഭ.വ തീയതി: 20/09/2005 പ്രകാരം ലൈബ്രറിസെസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി അടവാക്കേണ്ടതാണ്. ഒന്നാം ഗഡു ഏപ്രിൽ 30 നകവും രണ്ടാം ഗഡു നവംബർ 30നകവും ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണ്. തുക അടവാക്കാത്തതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 8 തീയതി 15/07/2024) തുക ഉടനെ അടവാക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്. ലൈബ്രറി സെസ് ഇനത്തിലെ തുക യഥാസമയം ഒടുക്കുവരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. 2023-24 ൽ ലഭ്യമായ തുക ലൈബ്രറി കൗൺസിലിൽ അടവാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 ഹരിത കർമസേന & മാലിന്യ സംസ്കരണം - പ്രവർത്തനാവലോകനം

സമഗ്രവും സുസ്ഥിരവുമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിക്കണമെന്ന് സ.ഉ.(സാ.ധാ) നം 989/2023/ത.സ്വ.ഭ.വ തിയതി 06/05/2023 നമ്പർ ഉത്തരവു പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യ മുക്തം നവകേരളം എന്ന ലക്ഷ്യത്തിലേക്കെത്താൻ സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ സ.ഉ.(സാ.ധാ) നം 1401/2023/ത.സ്വ.ഭ.വ തിയതി 10/07/2023 നമ്പർ ഉത്തവു പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിക്കേണ്ട പ്രോജക്ടുകളുടെ വിവരങ്ങളും പഞ്ചായത്തു നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

**1) മാലിന്യം ഉറവിടത്തിൽ തരംതിരിക്കൽ**

മാലിന്യസംസ്കരണത്തിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ബഹുജന വിദ്യാഭ്യാസ പരിപാടി സംഘടിപ്പിക്കുക, മാലിന്യപരിപാലന ശില്പശാല നടത്തുക, ക്യാമ്പയിനുകൾ സംഘടിപ്പിക്കുക, ഹരിതസഭ മുതലായ പ്രവർത്തനങ്ങൾ നടത്തുക, ഗാർഹിക തലത്തിൽ മാലിന്യം തരം തിരിച്ചു സൂക്ഷിക്കുന്നതിനുള്ള ഉപാധികൾ (ബാസ്ക്കറ്റ് ) വിതരണം ചെയ്യുക എന്നിവയാണ് മാലിന്യം ഉറവിടത്തിൽ തരം തിരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വിവിധ ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പ്രത്യേക ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം സോഴ്സ് ലെവൽ സെഗ്രിഗേഷൻ എന്ന പ്രോജക്ട് പ്രകാരം വീടുകളിൽ മാലിന്യം തരം തിരിച്ചു സൂക്ഷിക്കുന്നതിനായി സെഗ്രിഗേഷൻ ബിന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. ഓരോ വീടുകളിലും രണ്ടു ബിന്നുകൾ വീതമാണ് വിതരണം ചെയ്തിട്ടുള്ളത് . ഹരിത കർമസേന അംഗങ്ങൾ അജൈവ മാലിന്യം ശേഖരിക്കുന്നവ അതാത് ദിവസം തന്നെ സെഗ്രിഗേറ്റ് ചെയ്താണ് മിനി MCF കളിൽ സൂക്ഷിച്ചിരിക്കുന്നത്. ആയതിനാൽ തന്നെ മിനി MCF കളിൽ ഇവ അടുക്കി സൂക്ഷിക്കാൻ സാധിക്കുന്നുണ്ടെന്നത് അഭിനന്ദനീയമായ വസ്തുതയാണ്.

**2) അജൈവമാലിന്യം -100% വാതിൽപ്പടി ശേഖരണം**

ഹരിതകർമസേന അംഗങ്ങൾ വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട്.100% വീടുകളിലും ഹരിതകർമസേന അംഗങ്ങൾ എത്തുന്നുണ്ടെങ്കിലും പൂർണമായ സഹകരണം ലഭ്യമാകുന്നില്ല എന്നാണ് യൂസർഫീ കളക്ഷൻ സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നത്. 2024 ജനുവരി മാസത്തെ കളക്ഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ആകെ എണ്ണം | യൂസർഫീ ലഭ്യമായവയുടെ എണ്ണം | ശതമാനം |
|---|---|---|---|
| സന്ദർശിച്ച വീടുകൾ | 5622 | 3822 | 67% |
| പ്രവർത്തനമുള്ള കച്ചവട സ്ഥാപനങ്ങൾ | 796 | 463 | 58% |
| ആകെ | 6418 | 4285 | 66% |

അജൈവ മാലിന്യം നൽകുന്നതിൽ സഹകരിക്കുന്നത് 66% വീടുകൾ / സ്ഥാപനങ്ങൾ മാത്രമാണ്. എല്ലാ വീടുകളും / സ്ഥാപനങ്ങളും ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

സ.ഉ.(സാധാ) നം 789/2023 LSGD തിയതി:31/03/2023 പ്രകാരം ഹരിതകർമസേനയ്ക്ക് യൂസർഫീ നൽകാത്തവരിൽ നിന്നും കുടിശ്ശിക വരുത്തിയവരിൽ നിന്നും പ്രസ്തുത തുക വസ്തു നികുതി കുടിശ്ശികയായി ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ എല്ലാ സേവനങ്ങൾക്കും യൂസർഫീ അടച്ച കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. നിലവിൽ ഹരിതകർമസേന അംഗങ്ങളുടെ വേതനം 6000/- രൂപ മുതൽ 16000/- രൂപ വരെയാണ്..

**3) MCF/ Mini MCF നിർമാണവും വിപുലീകരണവും**

പഞ്ചായത്തിന്റെ 14 വാർഡുകളിലായി 14 മിനിMCF കളും ഒരു MCF ഉം നിലവിലുണ്ട്. നിലവിലുള്ള MCF ന് സർക്കാർ ഉത്തരവു പ്രകാരമുള്ള അനുബന്ധ സൗകര്യങ്ങൾ പൂർണമായും ക്രമീകരിക്കാൻ സാധിച്ചിട്ടില്ല. MCF ആവശ്യമായ സ്ഥലം, വൈദ്യുതി, അടച്ചുറപ്പുള്ള കെട്ടിടം, വാഹനത്തിനു എത്തിച്ചേരാനുള്ള റോഡ് മുതലായ സൗകര്യങ്ങൾ ലഭ്യമാണ്. സോർട്ടിംഗ് ടേബിൾ സംവിധാനം ലഭ്യമല്ല. ഹരിത കർമസേന അംഗങ്ങൾ ശേഖരിക്കുന്ന വസ്തുക്കൾ സോഴ്സ് ലെവൽ സെഗ്രിഗേഷൻ ചെയ്ത് മിനി MCFകളിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ MCF ലും ഇവ വൃത്തിയായി അടുക്കി സൂക്ഷിച്ചിരിക്കുന്നു. പാഴ്വസ്തുക്കൾ ശേഖരിച്ച് വളരെ നന്നായി അവയുടെ തുടർപ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന ഹരിതകർമസേന അംഗങ്ങളുടെ പ്രവർത്തനം വളരെ മികച്ചതാണ്. ഇതിന് ആവശ്യമായ നേതൃത്വം നൽകുന്ന നിർവഹണോദ്യോഗസ്ഥന്റെ പ്രവർത്തനവും അഭിനന്ദനീയമാണ്.

**4) മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വാഹന സൗകര്യം ലഭ്യമാക്കൽ**

മാലിന്യം നീക്കം ചെയ്യുന്നതിനായി ഇ-ഓട്ടോ സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. ഹരിത കർമസേനയിലെ 3 അംഗങ്ങൾ ഡ്രൈവിംഗ് പരിശീലനം നടത്തുന്നുണ്ട്. ശുചിത്വ മിഷൻ കലണ്ടർ പ്രകാരമുള്ള മാലിന്യ ശേഖരണം നടത്തുന്നുണ്ട്. കാഞ്ഞിരംകുളം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ആപത്കരമായ മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും IMAGE എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അജൈവമാലിന്യം ക്ലീൻകേരള കമ്പനിക്കാണ് നൽകുന്നത്. ക്ലീൻ കേരളയിൽ നിന്നും 19770/- രൂപ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട് ലെഗസി വേസ്റ്റ് കൊടുത്ത വകയിൽ 36542/- രൂപ CKC യ്ക്ക് തൻവർഷം നൽകിയിട്ടുണ്ട്.

**5) ജൈവമാലിന്യ സംസ്കരണം**

ജൈവമാലിന്യ സംസ്കരണത്തിനായി കാഞ്ഞിരംകുളം ചന്തയിൽ തുമ്പൂർമുഴി യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ചന്തയിലെ ജൈവമാലിന്യസംസ്കരണത്തിന് ഇത് ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിലുൾപ്പെടുത്തി സോക്ക് പിറ്റ് 48 എണ്ണവും കമ്പോസ്റ്റ് പിറ്റ് രണ്ടെണ്ണവും നിർമ്മിച്ചിട്ടുണ്ട്. സാനിട്ടറി പാഡ് ഡിസ്ട്രോയർ സ്ഥാപിച്ചിട്ടില്ല. നിർബന്ധിത പ്രോജക്ടായി മാർഗ രേഖയിൽ നിഷ്കർഷിച്ചിരുന്നുവെങ്കിലും പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല.

**6) മാലിന്യ കൂനകൾ ഇല്ലാത്ത വൃത്തിയുള്ള പൊതു ഇടങ്ങൾ**

മാലിന്യ കൂനകൾ നീക്കി രണ്ടിടങ്ങളിൽ ഉദ്യാനവത്കരണം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**7) ജലാശയങ്ങളിലെ മാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കൽ**

MGNREGS പദ്ധതിയിലുൾപ്പെടുത്തി ഒരു തോടിന്റെ പുനരുദ്ധാരണം നടത്തിയിട്ടുണ്ട്.പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലെ ഓടകളിൽ നിന്നും ഒഴുകിയെത്തുന്ന മലിനജലം മലിനംകുളത്തിലാണ് എത്തിച്ചേരുന്നത്. മലിനംകുളത്തിലെ മലിന ജലം തദ്ദേശവാസികൾക്കെല്ലാം ഭീഷണിയായാണ് നിലകൊള്ളുന്നത്. ആയത് പരിഹരിക്കുന്നതിന് ഭരണസമിതി മുൻകൈയ്യെടുത്ത് വ്യക്തമായ പഠനം നടത്തി സമഗ്രമായ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നത് ഉചിതമായിരിക്കും.

**8) മാലിന്യത്തിന്റെ അളവു കുറയ്ക്കൽ**

മാലിന്യത്തിന്റെ അളവു കുറയ്ക്കലുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

**9) മറ്റു പ്രവർത്തനങ്ങൾ**

പഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള കെട്ടിടത്തിൽ ഹരിത കർമസേനയുടെ നേതൃത്വത്തിൽ ഒരു ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ലെഗസി വേസ്റ്റിൽ ഉൾപ്പെടുന്ന പ്ലാസ്റ്റിക് കവറുകൾ പൊടിക്കുകയും ക്ലീൻകേരളയ്ക്ക് നൽകുകയും ചെയ്യുന്നുണ്ട്. ഇതിൽ നിന്നും ഒരു വരുമാനം കണ്ടെത്താൻ ഹരിത കർമസേനയ്ക്ക് സാധിക്കുന്നുണ്ട്. കൂടാതെ ഈയിനത്തിൽ ക്ലീൻ കേരളയ്ക്ക് തുക നൽകേണ്ടി വരുന്നില്ല. വളരെ ചിട്ടയോടുകൂടി ഈ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ഹരിത കർമസേനയ്ക്ക് സാധിക്കുന്നുണ്ട്. മിനി MCF, MCF എന്നിവയുടെ പരിപാലനത്തിലും ഹരിതകർമസേന അംഗങ്ങളുടെ പ്രവർത്തനം പ്രശംസനീയമാണ്.






**1-20 ഹരിതഭവനം പദ്ധതി നിർവഹണം - അപാകങ്ങൾ.**

പദ്ധതി നം. - 97/24

പദ്ധതി പേര് - ഹരിതഭവനം

നിർവഹണോദ്യോഗസ്ഥൻ - കൃഷി ഓഫീസർ

വികസന ഫണ്ട് (പൊതുവിഭാഗം) - 70,000/-

ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) - 9700/-

ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) - 29,750/-

ജില്ലാപഞ്ചായത്ത് വിഹിതം - 70,000/-

ആകെ അടങ്കൽ - 1,79,450/- രൂപ

ചെലവ് - 1,79,450/- രൂപ

ഗുണഭോക്താക്കളുടെ എണ്ണം - 10

മഴവെള്ളം സംഭരിക്കുക, ജൈവ മാലിന്യങ്ങളിൽ നിന്ന് വളം ഉല്പാദിപ്പിക്കുക, സംയോജിതകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കോഴിയും കൂടും നല്കുക, സൂര്യപ്രകാശം പരമാവധി പ്രയോജനപ്പെടുത്തി കാർഷികോല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ് ഹരിതഭവനം പദ്ധതി. 2023-24 വർഷം കൃഷി ഓഫീസർ നിർവഹണം ചെയ്ത ഹരിതഭവനം പദ്ധതിയിൽ കിണർ റീചാർജിംഗ്, ബയോബിൻ, കോഴിയും കൂടും, നടീൽ മിശ്രിതം നിറച്ച മൺചട്ടിയും തൈകളും, ഫലവർഗ ചെടികൾ, പച്ചക്കറിത്തൈകൾ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 6.1.25 പ്രകാരം ഹരിതഭവനം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ബോധവത്കരണ ക്ലാസ്സുകളും പരിശീലനവും നല്കി ഏകീകൃതരീതി രൂപപ്പെടുത്തേണ്ടതുണ്ട്. എന്നാൽ അത്തരം നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഫയൽ പരിശോധനയിൽ കാണുന്നില്ല. ട്രഷറി ബിൽ നം. 04/23-24 മുഖേന ഗ്രാമപ്പഞ്ചായത്തിന്റെ വികസനഫണ്ട് വിഹിതമായ 70,000/- രൂപ അതിയന്നൂർ അഗ്രോ സർവീസ് സെന്ററിന് ബയോബിൻ, നടീൽ മിശ്രിതം നിറച്ച മൺചട്ടിയും തൈകളും, ഫലവർഗ ചെടികൾ, പച്ചക്കറിത്തൈകൾ മുതലായവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിലേക്കായി നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനവുമായി വിതരണം സംബന്ധിച്ച് കരാർ വച്ചിട്ടില്ല. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃപട്ടിക, എൻറോൾമെന്റ് ഫോറം, മോണിട്ടറിങ് റിപ്പോർട്ട്, ഗുണഭോക്താക്കൾ യൂണിറ്റ് കൈപ്പറ്റിയതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

19.07.2024ൽ നല്കിയ 29 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ട വിവരങ്ങൾ / രേഖകൾ ലഭ്യമാക്കേണ്ടതും സബ്സിഡി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിച്ച് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-21 ആശ്വാസ് പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – 2,64,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

പദ്ധതി നം. - 198/24

പദ്ധതി പേര് - ആശ്വാസ് പദ്ധതി

നിർവഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

ഫണ്ടിനം - വികസന ഫണ്ട് (പൊതുവിഭാഗം)

ആകെ അടങ്കൽ - 2,64,000/- രൂപ

ചെലവ് - 2,64,000/- രൂപ

നിർധനരായ രോഗികൾക്ക് ഡയാലിസിസിനായി ധനസഹായം നല്കുന്നതിനുവേണ്ടി 2023-24വർഷം ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ ആശ്വാസ് പദ്ധതിക്ക് ഗ്രാമപ്പഞ്ചായത്തിന്റെ വിഹിതമായി 2,64,000/- രൂപ 21/2023 നമ്പർ ട്രഷറി ബിൽ പ്രകാരം 26.12.2023 ൽ നല്കിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള കൈപ്പറ്റ് രേഖ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിനൊപ്പം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മാത്രമല്ല, ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃപട്ടികയും എത്ര പേർക്ക് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിച്ചിട്ടുണ്ടെന്നുള്ള വിവരവും ലഭ്യമാക്കിയിട്ടില്ല.

28.05.2022 ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ, ഖണ്ഡിക 7.6.7 പ്രകാരം വരുമാനപരിധിക്ക് വിധേയമായി വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് ആഴ്ചയിൽ 1000/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000/-രൂപ ബന്ധപ്പെട്ട ആശുപത്രിക്ക് നല്കാവുന്നതാണ്. പ്രസ്തുത പദ്ധതി ഗ്രാമപ്പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുക്കാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും പദ്ധതി നടപ്പിലാക്കാവുന്നതാണ്. മാർഗരേഖ അനുസരിച്ച് ഗ്രാമപ്പഞ്ചായത്ത് തലത്തിൽ പദ്ധതി രൂപീകരിക്കാതെ ജില്ലാ പഞ്ചായത്ത് തലത്തിൽ നടപ്പാക്കിയതിന്റെ കാരണം വ്യക്തമല്ല.

19.07.2024 ൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30) മറുപടി ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ ആശ്വാസ് പദ്ധതിക്ക് ഗ്രാമപ്പഞ്ചായത്ത് വിഹിതം ആയി ജില്ലാപഞ്ചായത്തിന് നല്കിയ 2,64,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ട വിവരങ്ങൾ എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖ അനുശാസിക്കുംവിധം പദ്ധതികൾ നടപ്പിലാക്കാൻ അവധാനം പുലർത്തേണ്ടതാണ്.

## 1-22 ലൈഫ് ഭവനനിർമാണ പദ്ധതികൾ - ഗുണഭോക്താക്കൾ ഭവനനിർമാണം പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നം. - 01/24, 02/24, 03/24, 39/24

പദ്ധതി പേര് - ലൈഫ് ഭവനനിർമാണം (ജനറൽ, ഫിഷറീസ്, എസ്. സി അഡീഷണൽ, എസ്. സി)

നിർവഹണോദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, വെസ്റ്റ്

2022-23 സാമ്പത്തിക വർഷത്തെ വിവിധ ലൈഫ് ഭവനനിർമാണം പദ്ധതിയിൻ കീഴിൽ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ പലരും നാളിതുവരെ ഭവനനിർമാണം പൂർത്തിയാക്കിയിട്ടില്ല. ആകെ 4,00,000/- രൂപ ധനസഹായം ലഭിക്കുന്നതിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നിർമാണം പൂർത്തീകരിക്കാത്തതിന്റെ വിശദവിവരം ചുവടെ :

| പദ്ധതി | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | കൈപ്പറ്റാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| ലൈഫ് ഭവനനിർമാണം (ജനറൽ) | വസന്ത | 300000 | 100000 |
| | പ്രസന്ന | 300000 | 100000 |
| | സുധ | 300000 | 100000 |
| | ക്രിസ്റ്റഫർ ജോർജ്ജ് | 350000 | 50000 |
| | റാണി | 300000 | 100000 |
| | ഷീല | 300000 | 100000 |
| | ജലജകുമാരി | 300000 | 100000 |
| | നിർമലകുമാരി | 300000 | 100000 |
| | രാജൻ | 200000 | 200000 |
| | ശാന്തകുമാരി | 300000 | 100000 |
| | ഉഷ | 346000 | 54000 |
| | വിനിത | 350000 | 50000 |
| | ബിനിഷ | 300000 | 100000 |
| | സിന്ധു | 300000 | 100000 |
| | ഭായി | 350000 | 50000 |
| | ഇന്ദിര | 300000 | 100000 |
| | വാസന്തി | 300000 | 100000 |
| | റോസി | 300000 | 100000 |
| | ബാബു എസ് | 40000 | 360000 |
| | ബിന്ദു | 40000 | 360000 |
| | ഉഷകുമാരി | 200000 | 200000 |
| | ഓമന | 300000 | 100000 |
| | വസന്ത / അപ്പു | 300000 | 100000 |
| | വത്സല | 40000 | 360000 |
| | ജയമേരി | 300000 | 100000 |
| | ബിജു എസ് | 300000 | 100000 |
| | ബീന | 200000 | 200000 |
| ലൈഫ് ഭവനനിർമാണം | ഡോണിയ | 300000 | 100000 |

| | | | |
|---|---|---|---|
| (ഫിഷറീസ്) | | | |
| ലൈഫ് ഭവനനിർമാണം (എസ്. സി അഡീഷണൽ) | മധു പി | 300000 | 100000 |
| | സരിത എസ് | 300000 | 100000 |
| | ചന്ദ്രിക | 300000 | 100000 |
| | ഗിരീശൻ | 200000 | 200000 |
| | മഞ്ജുഷ | 40000 | 360000 |
| ലൈഫ് ഭവനനിർമാണം (എസ്. സി) | കിഷോർകുമാർ | 300000 | 100000 |
| | പ്രസാദ് | 300000 | 100000 |
| | അരുണ എസ്. ആർ | 300000 | 100000 |

16.03.20218 ലെ സ.ഉ(കൈ)നം.34/2018/തസ്വഭവ, അനുബന്ധം 3 ലെ മാതൃകയിൽ, ലൈഫ് ഭവനനിർമാണത്തിനായി കരാറിലേർപ്പെട്ട ഗുണഭോക്താക്കൾ 6 മാസത്തിനകം നിർമാണം പൂർത്തീകരിക്കുന്നതാണെന്നും പൂർത്തീകരിക്കാത്ത പക്ഷം കൈപ്പറ്റുന്ന ആനുകൂല്യം പിഴ സഹിതം തിരികെ ഒടുക്കുന്നതാണെന്നും സമ്മതിച്ച് വ്യവസ്ഥ ചെയ്യിട്ടുണ്ട്. സർക്കാർ ഉത്തരവ്, കരാർ എന്നിവ പ്രകാരം തുടർനടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41, 20.07.2024) 31.07.2024 ൽ ലഭ്യമാക്കിയ മറുപടിയിലൂടെ "ആദ്യ ഗഡു കൈപ്പറ്റി 6 മാസത്തിലധികമായിട്ടും പൂർത്തിയാക്കാത്തവർക്ക് വാർഡ് മെമ്പറുടെ സാന്നിധ്യത്തിൽ അടിയന്തരമായി പൂർത്തിയാക്കാൻ നിർദേശം നല്കിയിട്ടുണ്ട്. ആദ്യ ഗഡു കൈപ്പറ്റി 1 വർഷത്തിലധികമായവർക്ക് അടിയന്തരമായി പൂർത്തിയാക്കാനും അല്ലാത്തപക്ഷം വാങ്ങിയതുക തിരിച്ചടയ്ക്കാനും പഞ്ചായത്തിൽ നിന്ന് കത്ത് നല്കിയിട്ടുണ്ട്" എന്ന് വി. ഇ. ഒ അറിയിക്കുകയുണ്ടായി.

മറുപടി പ്രകാരമുള്ള തുടർനടപടികൾ എത്രയുംവേഗം പൂർത്തിയാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-23 പാലിന് സബ്സിഡി-അധികതുക നൽകി.

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്ക് പ്രോത്സാഹനമായി അവർ നൽകുന്ന ഒരു ലിറ്റർ പാലിന് 3/- രൂപ നിരക്കിൽ ഒരു വർഷത്തിൽ പരമാവധി 40,000/- രൂപ സബ്സിഡി നൽകുന്നതിനായുള്ള പദ്ധതി.

പദ്ധതിയുടെ വിശദവിവരം
നിർവ്വഹണം – ഡയറി ഫാം ഇൻസ്ട്രക്ടർ
പ്രോജക്റ്റ്- 46/24 ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി (സംയുക്തം)
അടങ്കൽ-1500000 (വികസന ഫണ്ട്-500000+ബ്ലോക്ക് വിഹിതം-500000+ ജില്ലാവിഹിതം-500000)
ചെലവ്-1083434 (വികസന ഫണ്ട്-500000+ബ്ലോക്ക് വിഹിതം-483434+ ജില്ലാവിഹിതം-100000)

1) BRN No.2302025201660078471O/10.11.2023 (വികസന ഫണ്ട്) 327862/-

2) BRN No.2302025201660078475 91/27.11.2023 (ജില്ലാവിഹിതം) 64500/-

3) BRN No.230202520166008475 94/27.11.2023 (ജില്ലാവിഹിതം) 35500/-

4) BRN No.23020252016600863512/29.11.2023 (ബ്ലോക്ക് വിഹിതം) 214098/-

5) BRN No.23020252016600958165/19.12.2023 (വികസന ഫണ്ട്) 83904/-

6) BRN No.23020252016600958166/19.12.2023 (വികസന ഫണ്ട്) 88234/-

7) BRN No.23020252016600962917/20.12.2023 (ബ്ലോക്ക് വിഹിതം) 137882/-

8) BRN No.23020252016600962906/20.12.2023 (ബ്ലോക്ക് വിഹിതം) 39941/-

9) BRN No.23020252016600962924/20.12.2023 (ബ്ലോക്ക് വിഹിതം) 91513/-

സബ്സിഡി മാർഗരേഖ സ.ഉ.(കൈ) 115/2022, 28.05.2022 ഖണ്ഡിക 6.3.9 അനുസരിച്ച് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതിയിൽ ഒരു ഗുണഭോക്താവിന് ഒരു വർഷം നല്കാവുന്ന പരമാവധി തുക 40000/- രൂപയാണ്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട ബില്ലുകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ പരമാവധി തുകയിലും അധികമായി പാലിന് സബ്സിഡി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരങ്ങൾ | ബിൽ നം., റഫറൻസ് / തീയതി | നല്കിയ തുക | അധികമായി നൽകിയ തുക |
|---|---|---|---|---|
| 1 | സാബു.വൈ, മാന്തോട്ടം പുത്തൻവീട് | 23020252016600784710/10.11.2023 | 40000 | 3012 |
| | | 23020252016600958166/19.12.2023 | 3012 | |
| 2 | തങ്കരാജ്.വൈ.എസ്, ശാന്തം നിവാസ്, കുഴിവിള | 23020252016600784710/10.11.2023 | 29715 | 4862 |
| | | 23020252016600962917/20.12.2023 | 15147 | |

ഇത് സംബന്ധിച്ച് വിശദീകരണം അറിയിക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തെ (20/18.07.24 ) തുടർന്ന് അധികം നൽകിയ തുക ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കി ട്രഷറിയിൽ 3604-00-911-99-00 Recoveries Of Over Payments എന്ന ഹെഡിൽ 19.07.24 ന് അടവുവരുത്തി രേഖകൾ ഹാജരാക്കുകയുണ്ടായി. സബ്സിഡി അനുവദിക്കുമ്പോൾ മാർഗരേഖപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 മലിനംകുളം - പുനരുദ്ധാരണം -

| | |
|---|---|
| പ്രോജക്ട് നമ്പർ | 82/24 |
| പദ്ധതിയുടെ പേര് | മലിനം കുളം - പുനരുദ്ധാരണം |
| അടങ്കൽ | 1324000 /- ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് | 1191327/- |
| ബിൽ നം. | 419/27.3.24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

2023 -24 സാമ്പത്തിക വർഷം മലിനംകുളം പുനരുദ്ധാരണത്തിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം തൻവർഷം നടത്തിയ പ്രവർത്തനങ്ങൾ റാമ്പ് നിർമ്മാണവും , സംരക്ഷണഭിത്തി നിർമ്മാണവും മാത്രമാണ്. 19.7.24 ന് പഞ്ചായത്ത് ഓവർസീയറുടെ സാന്നിധ്യത്തിൽ ഓഡിറ്റ് സംഘം പ്രസ്തുത സ്ഥലം പരിശോധച്ചതിൽ പ്രസ്തുത കുളം പാഴ്‌വസ്തുക്കൾ നിറഞ്ഞും , പായൽ പിടിച്ചും , പ്ലാസ്റ്റിക്ക് കുപ്പികൾ നിറഞ്ഞും ജലം മലിനമാക്കപ്പെട്ട അവസ്ഥയിലുമാണെന്ന് നേരിട്ട് ബോധ്യപ്പെട്ടു . ഇതിന് പ്രധാന കാരണങ്ങൾ ടൗണിൽ നിന്നും മലിന ജലം ഒഴുകിയെത്തുന്ന ഓവുചാൽ ഈ കുളത്തിലാണ് എത്തിച്ചേരുന്നത് എന്നതും, കൂടാതെ കുളത്തിന്റെ വശത്തുകൂടി കടന്ന് പോകുന്ന റോഡിനും കുളത്തിനുമിടയിലായി സംരക്ഷണവേലി ഇല്ലാത്തതിനാൽ പാഴ്‌വസ്തുക്കൾ കുളത്തിൽ നിക്ഷേപിക്കുന്നത് തടയാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതുമാണ്.

കാഞ്ഞിരംകുളം ടൗണിന് സമീപത്തായി സ്ഥിതിചെയ്യുന്ന ഈ കുളത്തിന്റെ പേര് സൂചിപ്പിക്കുന്നത് പോലെ മലിനം കുളമായി തുടരുന്നത് തടയുന്നതിനായി സംരക്ഷണവേലി നിർമ്മാണമോ, മലിനജലം ഒഴുകിയെത്തുന്നത് തടയുന്നതിനുള്ള പ്രവർത്തനങ്ങളോ പഞ്ചായത്ത് ഏറ്റെടുത്തതായി കാണുന്നില്ല. ടി കുളത്തിലെ ജലം കാർഷികാവശ്യത്തിന് ഉപയോഗിക്കാവുന്ന പദ്ധതികളുടെ സാധ്യതയും പരിഗണിച്ചതായി കാണുന്നില്ല. നിലവിൽ മലിനജലം നിറഞ്ഞ ഈ കുളത്തിലെ ജലം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗയോഗ്യമല്ലാത്തതിനാൽ ടി പദ്ധതിപ്രകാരം കുളത്തിലേയ്ക്ക് റാമ്പ് നിർമ്മിച്ചതുകൊണ്ട് പൊതുജനങ്ങൾക്ക് പ്രത്യേക പ്രയോജനം ഒന്നും ഉണ്ടായതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.37/2023-24 20.07.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

കുളങ്ങളുടെയും, ജലസ്രോതസ്സുകളുടെയും സംരക്ഷണം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ട പ്രവർത്തനങ്ങളായതിനാൽ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിലെ പ്രധാന കുളങ്ങളിലൊന്നായ മലിനം കുളത്തിനെ മാലിന്യത്തിൽ നിന്നും മോചിപ്പിച്ച് ജനങ്ങൾക്ക് ഉപകാരപ്രദമായ ജലസ്രോതസ്സാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-25 ബഡ്സ് പുനരധിവാസ കേന്ദ്രം സ്റ്റോക്ക് രജിസ്റ്റർ - അപാകത

| | |
|---|---|
| പ്രോജക്ട് നം. | 65/24 |
| പദ്ധതിയുടെ പേര് | ബഡ്സ് പുനരധിവാസ കേന്ദ്രം |
| അടങ്കൽ | 1301200 /-(വികസനഫണ്ട് - പൊതുവിഭാഗം സാധാരണവിഹിതം+മെയിന്റനൻസ് ഫണ്ട് റോഡിതരം ) |
| ചെലവ് | 1142705/- (വികസനഫണ്ട് സാധാരണ വിഹിതം- 542705/-) മെയിന്റനൻസ് ഫണ്ട് റോഡിതരം – 600000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഭക്ഷണവിതരണം നൽകുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. തൻവർഷം ഭക്ഷണ ചെലവിനായി 142705/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ഥാപനത്തിലെ ഭക്ഷണചെലവുമായി ബന്ധപ്പെട്ട ഫയൽ, സ്റ്റോക്ക് രജിസ്റ്റർ എന്നീ രേഖകൾ പരിശോധിച്ചു. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും വാങ്ങിയിട്ടുള്ള സാധനങ്ങളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ ബിൽ നമ്പർ , തീയതി എന്നിവ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ബിൽ പ്രകാരമുള്ള സാധനങ്ങളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ആയതിന് വിശദീകരണം നൽകുവാനും, മറുപടി ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.21/2023-24 തീയതി : 18.07.2024) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകങ്ങൾ ആവർത്തിക്കാതിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും, സ്റ്റോക്ക് രജിസ്റ്ററിലെ അപാകത പരിഹരിച്ച് കൃത്യത വരുത്തുന്നതാണെന്നുമറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതും തുടർ വർഷങ്ങളിൽ അപാകത കൂടാതെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-26 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 24,04,773/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2023-24 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ താഴെപ്പറയുന്ന വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര്/നമ്പർ | അടവാക്കിയ തുക | ബിൽ നം./ തീയതി | തുക അടവാക്കിയതിന്റെ വിവരം | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 11/24, IKM വിഹിതം കൈമാറൽ | 80000 (വി.ഫ.) | 189/14.12.23 | ഐ.കെ.എം. ന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറി | സെക്രട്ടറി |
| 2 | 91/24, സാഫല്യം റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 400000 (CFC) | 313/15.3.24 | കേരള വാട്ടർ അതോറിറ്റി അക്കൗണ്ടിലേയ്ക്ക് തുക കൈമാറി | സെക്രട്ടറി |
| 3 | 95/24, വലിയവിള തൻപൊന്നൻകാല | 300000 (CFC) | 314/15.3.24 | കേരള വാട്ടർ അതോറിറ്റി നെയ്യാറ്റിൻകരയുടെ | സെക്രട്ടറി |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | അക്കൗണ്ടിലേയ്ക്ക് കൈമാറി | |
| 4 | 20/24 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1400000 (CFC) | 421/27.3.24 – 900000/- 334/22.3.24 - 500000/- | KSEB (അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ കാഞ്ഞിരംകുളം) യ്ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. | സെക്രട്ടറി |
| 5 | 81/24, കൈവൻ വിള പൈപ്പ് ലൈൻ എക്സ്റ്റൻഷന് | 224773 (CFC) | 245/29.01.24 – 500000/- | കേരള വാട്ടർ അതോറിറ്റി | അസിസ്റ്റന്റ് എഞ്ചിനീയർ |
| | **ആകെ** | **2404773** | | | |

മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 24,04,773/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 22/2024 തീയതി 18.07.2024) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 24,04,773/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-27 ഇ-ടെണ്ടർ ഫീ പഞ്ചായത്തിന് ലഭ്യമായിട്ടില്ല

2023-24 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ ഫീ ഇനത്തിൽ എത്ര രൂപ ലഭ്യമായിട്ടുണ്ടെന്ന് വാർഷിക കണക്ക് പ്രകാരം ലഭ്യമല്ല. പ്രസ്തുത തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലാണ് ക്രഡിറ്റായിട്ടുള്ളത്. പ്രസ്തുത തുക നാളിതുവരെ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറികിട്ടിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/2023-24 തീയതി 19.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഇ ടെണ്ടർ ഫീ കൈമാറുന്നതിനും ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമായിട്ടുള്ള മുഴുവൻ തുകയും ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാകാൻ അവശേഷിക്കുന്ന തുകയും ലഭ്യമാക്കി ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകളുടെ ചെലവു വിവരം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 0 | 589000 | 39 ലൈഫ് ഭവന പദ്ധതി എസ്.സി | 589000 | 0 |
| | | 706000 | 1ലൈഫ് ഭവന നിർമാണം ജനറൽ | 706000 | 0 |
| | | 448875 | 66 സ്നേഹ സ്പർശം ഭിന്നശേഷി സ്കോളർഷിപ്പ് | 448875 | 0 |
| | | 483434 | 46 ക്ഷീര സമൃദ്ധി പാലിന് സബ്സിഡി | 483434 | 0 |
| ആകെ | | 2227309 | | 2227309 | |
| ജില്ലാ പഞ്ചായത്ത് | | 70000 | 97 ഹരിത ഭവനം | 70000 | 0 |
| | | 220000 | 168 ലക്ഷംവീട് പുനരുദ്ധാരണം ന്യൂലൈഫ് | 220000 | |
| | | 200000 | 3 ലൈഫ് ഭവന പദ്ധതി | 200000 | |

| | | | | | |
|---|---|---|---|---|---|
| | | | എസ്.സി അഡിഷണൽ | | |
| | | 235000 | 39 ലൈഫ് ഭവന പദ്ധതി എസ്.സി | 235000 | |
| | | 448875 | 66 സ്നേഹ സ്പർശം ഭിന്നശേഷി സ്കോളർഷിപ്പ് | 448875 | |
| | | 40000 | 2 ലൈഫ് ഭവന നിർമാണം ഫിഷറീസ് | 40000 | |
| | | 2610000 | 1ലൈഫ് ഭവന നിർമാണം ജനറൽ | 2610000 | |
| | | 100000 | 46 ക്ഷീര സമൃദ്ധി പാലിന് സബ്സിഡി | 100000 | |
| ആകെ | | 3923875 | | 3923875 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 1986815 | 20 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1400000 | - | 1400000 | 0 | 3386815 |
| കേരള വാട്ടർ അതോറിറ്റി | 3309358 | 81കൈവൻവിള കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 224773 | | 224773 | **0** | 4234131<br>**4709358(AFS പ്രകാരം) |
| | | 95 വലിയവിള തൻപൊന്നൻകാല പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 300000 | 0 | 300000 | 0 | |
| | | 91 സാഫല്യം റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 400000 | 0 | 400000 | 0 | |
| PWD | 550000 | -- | - | - | -- | - | 550000 |

തൻ വർഷം വാട്ടർ അതോറിറ്റിയ്ക്ക് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി ആകെ 924773/- രൂപയാണ് സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം നൽകിയിട്ടുള്ളത്. എന്നാൽ ലഡ്ജറിൽ 1400000/- എന്ന് തെറ്റായി ജേണൽ എൻട്രി നൽകിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത നീക്കിയിരിപ്പ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

KURDFC വായ്പ തുക മുന്നിരിപ്പ് , വരവ് , ചെലവ് , നീക്കിയിരിപ്പ് എന്നിവ AFS മായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| 31/03/02023 ൽ തിരിച്ചടയ്ക്കാൻ അവശേഷിച്ച തുക B-5 ഷെഡ്യൂൾ 2022-23 പ്രകാരം | തൻ വർഷത്തെ വായ്പ തുക RP-31 | ആകെ തുക | സർക്കാർ ഉത്തവു പ്രകാരം തൻവർഷത്തെ തിരിച്ചടവ് | തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക (മുന്നിരിപ്പ്, വരവു, ചെലവു പ്രകാരം) | AFS പ്രകാരം (B-5 ഷെഡ്യൂൾ) തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1,95,41,247/- | 14520000 | 34061247/- | 2697500/- | 31363747 | 33661247 |

ലോൺ രജിസ്റ്റർ കാലികമാക്കാത്തതിനാൽ മുന്നിരിപ്പിന്റെ കൃത്യമായ വിവരം ലഭ്യമല്ല. ലോൺ രജിസ്റ്റർ കാലികമാക്കി 2024-25 വർഷത്തെ ലെഡ്ജറിൽ തുക ക്രമീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

A) ലോൺ രജിസ്റ്റർ – വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

ഓഡിറ്റിനു ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ ലോൺ ഇനത്തിൽ ഓരോ വർഷവും ലഭ്യമായ തുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത തുകയും മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളു. ഓരോ വർഷവും ജി.ഒ പ്രോജക്ട് പ്രകാരം തിരിച്ചടച്ച തുകയുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നാളിതുവരെ തിരിച്ചടച്ച തുക , തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക എന്നിവയുടെ വിവരം ലഭ്യമല്ല. ലോൺ രജിസ്റ്ററിൽ മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ മുന്നിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ലോൺ രജിസ്റ്ററിൽ ഓരോ വർഷത്തെയും വരവ്, ജി.ഒ പ്രോജക്ട് പ്രകാരം തിരിച്ചടച്ച തുക എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കി ലഭ്യമാക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം (വരവ് ചെലവുകൾ റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല).

| | |
|---|---|
| മുന്നിരിപ്പ് | 14633714 |
| ഓഡിറ്റ് വർഷത്തെ വരവ് | 54988662 |
| ആകെ | 69622376 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 47798402 |
| നീക്കിയിരിപ്പ് | 21823974 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,68,773 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 2,64,000 | ഡോ. സവിത, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-26 | 21,80,000 | ശ്രീ. അപ്പൂര കുമാർ .വി.കെ, സെക്രട്ടറി |
| 1-26 | 2,24,773 | ശ്രീ. സിംഗ് റസ്സൽ, അസിസ്റ്റന്റ് എഞ്ചിനിയർ |
| **ആകെ** | **26,68,773** | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സവിത, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | പുധാര ഹൗസ്, പൂവന്തുരുത്ത് .പി.ഒ, കോട്ടയം – 686012 |
| ശ്രീ. അപ്പൂര കുമാർ.വി.കെ, സെക്രട്ടറി | സെക്രട്ടറി, കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് | അപ്പൂര ഭവൻ, കമുകിൻകോട്, കൊടങ്ങാവിള, തിരുവനന്തപുരം |
| ശ്രീ. സിംഗ് റസ്സൽ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് | സിംഗ് നിവാസ്, നെല്ലിക്കാക്കുഴി, കാഞ്ഞിരംകുളം.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 2 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 3 |

| | | |
|---|---|---|
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 1 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 2 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 3 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2591/2018, തീയതി.16.02.2019 | 28 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/39/2020, തീയതി.02.06.2020 | 44 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1521 (എ)/2021, തീയതി.01.02.2022 | 21 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/1521/2021, തീയതി.08.02.2022 | 30 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/370/2023, തീയതി. 27.02.2024 | 25 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1685/2023, തീയതി. 22.03.2024 | 63 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1 dated 28-05-2024 and submitted on 03-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kanjiramkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kanjiramkulam Grama Panchayat as on 31-03-2024

**Date: 01/10/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kanjiramkulam Grama Panchayat for the Year 2023-2024.

### 1.Major Observations

Nil

### 2.Other Observations

1) Mandatory financial statements prescribed in accounting rules are not submitted for audit.

Annual Ratios and Notes on Accounts as per rule 62-2 (f) of Kerala Panchayat Raj Accounts Rules, 2011 are not filed with the annual financial statements.

2) Cash flow statement- Net increase/decrease in cash flow does not match with the difference between the opening balance and closing balance of
cash and cash equivalents.

3) Amount paid for deposit works to Kerala Water Authority, as per Sulekha statement (924773/-) does not match with those in the AFS amount (1400000/-)

4) Expenditure regarding KURDFC Loan Repayment of Rs. 2697500/- met by Govt. of Kerala through GO project (source deduction from grants) was
not included in the Annual financial statement.

5) Advance register and deposit register are not maintained.

6) Depreciation provided for an asset exceeds its book value

| item | Asset value as per (B-11(e) schedule | Depreciation as per B-11(a) schedule |
|---|---|---|
| Vehicle | 1809110 | 6229647 |

7) Monthly Bank Reconciliation statement not prepared.

8) The amount due under Receivable of Redemption as per AFS (1640773/-) does not match with the Treasury Statement (474342/-)

9) Bank statements pertaining to the following bank accounts were not produced for audit.

| Sl. No. | Account number | Closing balance as per RP-40(b)schedule |
|---|---|---|
| 1 | 12140100247923 Federal Bank Disterss Relief | 1821 |
| 2 | 12140200003218 MGNREGS Katta Unit | 1400000 |
| 3 | Post office account -(123) | 110 |
| 4 | DCB litteracy (020161201200007) | 26973 |
| 5 | DCB own fund (20161201200001) | 23402 |
| 6 | Nationalised Bank Account of Own Revenue Fund | 0 |

10) Amount used for asset creation using specific grants were not transferred to Capital contribution (RS. 1470909/-) head of Balance Sheet.

11) Lack of authenticated journal vouchers for supporting the adjustment entries recorded in prior period items.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്